
# ആനന്ദകുമരസ്വാമിയുടെ കലാസൗന്ദര്യദർശനങ്ങൾ

**ഡോ. എൽ. അലക്സ്.**



*'if we regard the world as a family of nations, then we shall best understand the position of India by recognizing in her the elder, who no longer, it is true, possesses the virility and enterprise of youth, but has passed through many experience and solved many problems which younger races have hardly yet recognized'*
*–Ananda Coomaraswami*

ആരാണ് ആനന്ദകുമരസ്വാമി? ഒരേസമയം ഏഷ്യയുടെയും യൂറോപ്പിന്റെയും സംസ്കാരത്താൽ പരിപോഷിപ്പിക്കപ്പെട്ടുകയും അതേ സമയം സ്വന്തം രാജ്യത്തിന്റെ സംസ്കാരത്തിലും നാഗരികതയിലും അഭിമാനം കൊള്ളുകയും ചെയ്ത മഹാൻ; പൗരസ്ത്യകലയ്ക്കും ദർശനത്തിനുംവേണ്ടി നിലകൊണ്ട കലാമീമാംസകൻ; ഭാരതീയ ചിന്തയ്ക്കും കലകൾക്കുമുള്ള പ്രാധാന്യത്തെ പടിഞ്ഞാറൻ രാജ്യങ്ങൾക്കു ബോധ്യമാക്കിക്കൊടുക്കാൻ പരിശ്രമിക്കുകയും അതിൽ വിജയിക്കുകയുംചെയ്ത കർമ്മയോഗി; ഇന്ത്യൻ കലയുടെ പ്രാമാണികനായ ചരിത്രകാരൻ; കലാവിമർശകൻ –എന്നിങ്ങനെ ആനന്ദകുമരസ്വാമിക്ക് നൽകാവുന്ന വിശേഷണങ്ങൾ പലതാണ്. ചിത്രകല, കൊത്തുപണി, സംഗീതം, ഭാരതീയ ദർശനം, മതം, സംസ്കാരം, സാഹിത്യം, തത്ത്വചിന്ത, സ്ത്രീ സ്വാതന്ത്ര്യം തുടങ്ങിയ വിവിധമേഖലകളിലായി പരന്നുകിടക്കുന്ന

അദ്ദേഹത്തിന്റെ സംഭാവനകൾ. ടാഗോർ പറഞ്ഞതാണ് ശരി: 'അദ്ദേഹം നമ്മുടെ എല്ലാ നിർവ്വചനങ്ങൾക്കും മേലെയാണ്. എല്ലായ്പ്പോഴും അദ്ദേഹം മറ്റെന്തൊക്കെയോ കൂടിയാണ്.' കുമരസ്വാമി യെയും അദ്ദേഹത്തിന്റെ കലാസൗന്ദര്യദർശനങ്ങളെയും ഒന്നു പരിച യപ്പെടുത്താൻ മാത്രമേ ഇവിടെ മുതിരുന്നുള്ളൂ.

ശ്രീലങ്കൻ സ്വദേശിയായ മുത്തു കുമാരസ്വാമിയുടെയും ഇംഗ്ലണ്ട് സ്വദേശിയായ ലേഡി എലിസബത്ത് ക്ലേ ബീബിയുടെയും മകനായി ആനന്ദ് 1887-ൽ ശ്രീലങ്കയിലെ കൊളംബോയിൽ ജനിച്ചു. പൂർണ്ണനാമം ആനന്ദ് കെന്റിഷ് കുമരസ്വാമി. അദ്ദേഹത്തിന് രണ്ടുവയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പിന്നീട് 25 വയസ്സുവരെ ജീവിച്ചതും പഠിച്ചതുമെല്ലാം അമ്മയോടൊപ്പം ഇംഗ്ലണ്ടിലായിരുന്നു. 1904-ൽ ശ്രീലങ്കയിൽ മടങ്ങി യെത്തി. അവിടെ മിനറോളജിക്കൽ സർവ്വേയുടെ ഡയറക്ടറായി ജോലി നോക്കി. പിന്നീടുള്ള കാലം കലയെക്കുറിച്ചു പഠിക്കുന്നതിനും വ്യവസാ യവത്കരണത്തിന്റെ അതിപ്രസരത്തിൽപെട്ട് പരമ്പരാഗത കലകൾ നശിച്ചുപോകാതെ സംരക്ഷിക്കുന്നതിനും ഭാരതീയചിന്തയ്ക്കും കലകൾ ക്കുമുള്ള പ്രാധാന്യം പടിഞ്ഞാറൻ രാജ്യങ്ങൾക്ക് ബോധ്യമാക്കിക്കൊടു ക്കുന്നതിനുംവേണ്ടി പരിശ്രമിച്ചു. 1917-ൽ അമേരിക്കയിലെ ബോസ്റ്റൺ ലളിതകലാ മ്യൂസിയത്തിൽ ആദ്യം റിസർച്ച് ഫെലോ ആയും പിന്നീ ട് ഇന്ത്യൻ, പേർഷ്യൻ, ഇസ്ലാമിക കലാശാഖകളുടെ ചുമതലക്കാരനാ യും നിയമിതനായി. അക്കാലത്ത് ലളിതകലാ മ്യൂസിയത്തിനുവേണ്ടി ഏഷ്യയിലെ ചിത്രകല, കൊത്തുപണി, കളിമൺവേല, ആഭരണനിർ മ്മാണം തുടങ്ങിയ സുകുമാരകലാവിഭാഗങ്ങളിലെ അനേകം മഹത്തായ സൃഷ്ടികൾ സംഭരിക്കുകയും തന്റെ കൈവശമുണ്ടായിരുന്ന ചിത്രകലയു ടെ ഒരു വലിയ ശേഖരം നല്കുകയും ചെയ്തു. ഈ കാലയളവിൽ ചിത്രകല, കൊത്തുപണി എന്നിവയുമായി ബന്ധപ്പെട്ട് അനവധി ഗ്രന്ഥങ്ങൾ രചി ക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

കലയുടെ രംഗത്തുമാത്രമായി ഒതുങ്ങുന്നതല്ല ആനന്ദകുമരസ്വാമിയുടെ പ്രവർത്തനങ്ങൾ. ഇന്ത്യയുടെ സാംസ്കാരിക പുരോഗതിക്കു വേണ്ടിയും അദ്ദേഹം വളരെ പ്രയത്നിച്ചിട്ടുണ്ട്. 1924-ൽ ന്യൂയോർക്കിൽ ഒരു ഇന്ത്യൻ സാംസ്കാരികകേന്ദ്രം സ്ഥാപിക്കുകയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയകമ്മറ്റിയുടെ പ്രസിഡന്റായി വാഷിങ്ടണിൽ പ്ര വർത്തിക്കുകയും ചെയ്തു. സ്വതന്ത്ര ഇന്ത്യയിലേയ്ക്കു മടങ്ങിവരണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അതിനുള്ള സാഹചര്യം ഉണ്ടായില്ല. 1947 സെപ്റ്റംബർ 10-ാംനു അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

വ്യത്യസ്തമേഖലകളിലായി അനവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'മിഡീവിൽ സിൻഹളീസ് ആർട്ട്' (1908), 'ദി ഇന്ത്യൻ ക്രാഫ്റ്റ്സ്മാൻ', 'രജപുട് പെയിന്റിങ്' (1916), 'മിത്സ് ഓഫ് ഹിന്ദൂസ് അൻഡ് ബുദ്ധിസ്റ്റ്സ്', 'ഹിസ്റ്ററി ഓഫ് ഇന്ത്യൻ ആൻഡ് ഇന്റോനേഷ്യൻ ആർട്ട്' (1927) എന്നിവ അവയിൽ ചിലതാണ്. രബീന്ദ്രനാഥ ടാഗോറിന്റെ അനന്തിരവനും ഇന്ത്യൻ ചിത്രകലയെ ആഗോളതലത്തിൽ ശ്രദ്ധേയമാക്കിയ ആദ്യകാല ചിത്രകാരന്മാരിൽ പ്രമുഖനുമായ അബനീന്ദ്രനാഥ് ടാഗോറിന്റെ രചനകളെ ആസ്പദമാക്കി 1912-ൽ രചിച്ച കൃതിയാണ് 'ഇന്ത്യൻ ഡ്രോയിങ്'. നടനകലയെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രാചീനസംസ്കൃതകൃതിയായ 'അഭിനയദർപ്പണ'ത്തിന് 1936-ൽ അദ്ദേഹം തയ്യാറാക്കിയ വിവർത്തനമാണ് 'മിറർ ഓഫ് ജെസ്ചേഴ്സ്'. അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ കലാപഠന ഗ്രന്ഥമാണ് 1917-ൽ പ്രസിദ്ധീകരിച്ച 'ദി ഡാൻസ് ഓഫ് ശിവ'. ഭാരതീയ കലയെയും സംസ്കാരത്തെയും കുറിച്ചുള്ള പതിനാലു ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം.









ആനന്ദ കുമരസ്വാമിയുടെ രചനകളാണ് കലയും ദേശീയതയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കാൻ പ്രേരകമായത്. ദ്രാവിഡ ചിത്രകലയ്ക്ക് ഏറ്റവുംനല്ല ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്ന ചിത്രങ്ങളിലൊന്നാണ് ഏറ്റുമാനൂർ ക്ഷേത്രത്തിന്റെ പടിഞ്ഞാറേ ഗോപുരഭിത്തിയിലുള്ള മോഹനനടനം ചെയ്യുന്ന ശിവപ്പെരുമാളിന്റെ ചിത്രം. 1913-ൽ ആനന്ദകുമരസ്വാമിയാണ് കേരളീയ ചിത്രകലാ പാരമ്പര്യത്തിന്റെ ഗുണസാരവും നൃത്തകലയുടെ അകപ്പൊരുളും ഒരേ സമയം വെളിവാക്കുന്ന അപൂർവ്വചിത്രം എന്ന നിലയിൽ ഈ ചിത്രത്തെ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്തത്. 'ദി ഡാൻസ് ഓഫ് ശിവ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം നടരാജനൃത്തത്തിന്റെ ദാർശനികവും കലാപരവും സാംസ്കാരികവുമായ തലങ്ങളെക്കുറിച്ച ചിന്തിക്കുന്നു. അദ്ദേഹം നടരാജനൃത്തത്തെ മൂന്നു സന്ദർഭങ്ങളിലുള്ളവയായി വ്യാഖ്യാനിക്കുന്നുണ്ട്. ഒന്ന്, ശിവന്റെ തട്ടകമായ കൈലാസം നടനവേദിയായുള്ള പ്രദോഷസന്ധ്യാനടനമാണ്. രണ്ടാമത്തേത് ശ്മശാനസ്ഥലിയിൽ നിന്ന് താണ്ഡവമാടുന്ന

തമോഗുണപ്രതീകമായ കാലഭൈരവനാണ്. ആര്യന്മാർ ഇന്ത്യയിലേയ്ക്ക് കുടിയേറുന്നതിനുമുമ്പ്, ഒരുപക്ഷേ, ആദിദ്രാവിഡർക്കും മുമ്പുണ്ടായിരുന്ന ആദിവാസികളുടെ ഒരു പ്രാക്ദേവതാസങ്കല്പത്തിന്റെ പ്രതീകാത്മകാവിഷ്കാരം കൂടിയാണ് നടരാജനൃത്തം എന്നതാണ് മൂന്നാമത്തേത്.



കിഴക്കിന്റെയും പടിഞ്ഞാറിന്റെയും മധ്യവർത്തി എന്ന നിലയിലും മനുഷ്യരാശിയുടെ നന്മയ്ക്കുവേണ്ടി പൗരസ്ത്യവും പാശ്ചാത്യവുമായ ദർശനങ്ങളെ സമന്വയിപ്പിക്കാൻ യത്നിച്ച മനുഷ്യസ്നേഹി എന്ന നിലയിലുമാണ് ആനന്ദ കുമരസ്വാമി ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ അറിയപ്പെടുന്നത്. പാശ്ചാത്യലോകത്തിന് ഭാരതീയസംസ്കാരത്തെ വ്യാഖ്യാനിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതി. ഇന്ന് യൂറോപ്പിനും അമേരിക്കക്കും മറ്റെന്തിനെക്കാളുമേറെ ആവശ്യമുള്ള സദ്ഗുണങ്ങൾ പ്രശാന്തത, സഹനശക്തി, പ്രതീക്ഷ, ആനന്ദം എന്നിവയാണെന്നും അവ ഭാരതീയ ദർശനത്തെ അറിയുന്നതിലൂടെ സ്വായത്തമാക്കാൻ കഴിയുമെന്നും അദ്ദേഹം തുറന്നെഴുതി. യൂറോപ്യന്മാർ ഏഷ്യൻ മതവിശ്വാസം സ്വീകരിക്കണം എന്നുപറയുകയല്ല; മറിച്ച്, ഭാരത സംസ്കാരത്തിന്റെ ലയാത്മകദർശനം നല്കുന്ന ആനന്ദത്തിന്റെ സ്വാദറിയാൻ പാശ്ചാത്യരെ ക്ഷണിക്കുകയാണദ്ദേഹം. ആനന്ദകുമരസ്വാമി ഏറ്റെടുത്ത ഈ മഹത്തായ ദൗത്യത്തിന്റെ പ്രാധാന്യം എത്ര വലുതാണ് എന്ന് ഗുരുനിത്യചൈതന്യയതിയെപ്പോലുള്ളവർ പില്ക്കാലത്ത് തിരിച്ചറിഞ്ഞിട്ടുണ്ട്. 'പൗരസ്ത്യ സംസ്കാരത്തെ മനസ്സിലാക്കാതെ പാശ്ചാത്യർ ചെയ്യുന്ന എല്ലാ പരിഷ്കാരങ്ങളും അവർക്കും ലോകത്തിനും ഒരുപോലെ വിനയായിത്തീരുമെന്ന് ആനന്ദകുമരസ്വാമി ഒരു

നൂറ്റാണ്ടുമുമ്പ് പ്രവചിച്ചത് ഇപ്പോൾ ദിനംപ്രതി സത്യമായിക്കൊണ്ടിരിക്കുന്നു.' എന്ന ഗുരുനിത്യചൈതന്യയതിയുടെ അഭിപ്രായം ഇതിനു തെളിവാണ്.

ഏഷ്യയുടെയും യൂറോപ്പിന്റെയും ആന്തരിക ജീവിതവും സംസ്കാരവും ആഴത്തിൽ പഠിച്ച കുമരസ്വാമി അവയ്ക്കു തമ്മിൽ പലതലങ്ങളിലും കൂടുതൽ സാദൃശ്യങ്ങളുണ്ടെന്ന് കണ്ടെത്തി. അദ്ദേഹം ചോദിക്കുന്നു: 'ഉപനിഷത്തുക്കളുടെയും ഗൗതമബുദ്ധൻ, ശ്രീ ശങ്കരൻ, കബീർദാസ്, മൗലാനാ ജലാൽഅദീൻ മുഹമ്മദ് റൂമി, യേശുക്രിസ്തു തുടങ്ങിയ ഏഷ്യൻ പ്രവാചകരുടെയും തെളിഞ്ഞ മലങ്കാറ്റ് ശ്വസിച്ചിട്ടുള്ളവരിൽ ആരാണ് പ്ലേറ്റോയുടെയും വാൾട്ട്വിറ്റ്മാന്റെയും നീത്ഷേയുടെയും ബ്ലേക്കിന്റെയും കാൽക്കൽ ഇരുന്നിട്ടുള്ളവരിൽനിന്നു വ്യത്യസ്തർ.' യൂറോപ്യൻ കർമ്മചൈതന്യവും ഏഷ്യൻ ചിന്താപ്രബുദ്ധതയും സമന്വയിച്ച് ഒരു പുതിയ സംസ്കാരം ഉണ്ടാകണമെന്ന തീവ്രാഭിലാഷം ജീവിതാന്ത്യംവരെയും അദ്ദേഹത്തിനുണ്ടായിരുന്നു. 'The Dance of Siva' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു: 'യുവഭാരതത്തിലെ ആദർശവാദികൾക്ക് ദേശീയവാദം മാത്രം പോരാ. ദേശഭക്തി ഒരു പ്രാദേശിക താത്പര്യം മാത്രമാണ്. മനുഷ്യരാശിയുടെ ആനന്ദമാണ് നമുക്ക് ഏതു വിഭാഗത്തിന്റെ വിജയത്തെക്കാളും കൂടുതൽ പ്രധാനം. ......ഭാവിയിലെ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങൾ ഒരു പ്രത്യേക ദേശമോ വർഗ്ഗമോ ആയിരിക്കുകയില്ല. മറിച്ച് ഈ ലോകത്തിന്റെയാകെ കുലീനവർഗ്ഗമായിരിക്കും. അവരിൽ യൂറോപ്യൻ കർമ്മത്തിന്റെ ചൈതന്യം ഏഷ്യൻ ചിന്തയുടെ പ്രബുദ്ധതയുമായി യോജിച്ചിരിക്കും.'പാശ്ചാത്യ-പൗരസ്ത്യ ലോകങ്ങളും അവിടത്തെ മനുഷ്യരും തങ്ങളുടെ സവിശേഷ ചൈതന്യങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പരസ്പരൈക്യത്തിലൂടെ ഭാവിയുടെ വീഥി നിർമ്മിച്ചിരുന്നെങ്കിൽ എന്ന പ്രത്യാശയാണ് 'The Dance of Siva' എന്ന ഗ്രന്ഥത്തിലുടനീളം പ്രകടിപ്പിക്കുന്നത്.

ആനന്ദ കുമരസ്വാമികളുടെ കലാദർശനങ്ങളിൽ ഏറ്റവും പ്രധാനം സൗന്ദര്യദർശനമാണ്. സൗന്ദര്യവും അതിൽ ഈശ്വരന്റെ രൂപവും കണ്ടെത്താൻ കഴിഞ്ഞിട്ടുള്ള ചുരുക്കം ചിലരിൽ ഒരാളാണദ്ദേഹം. പരമമായ സത്യവും പരമമായ നന്മയും പോലെ പരമമായ സൗന്ദര്യവും നിലനില്ക്കുന്നു എന്നും ഇവയും ഈശ്വരനും ഒന്നാണെന്നും ഈ പരിപൂർണ്ണതയിലൂടെ മാത്രമേ ഈശ്വരനെ ദർശിക്കാൻ കഴിയൂ എന്നുമുള്ള ഭാരതതീയ ജ്ഞാനമീമാംസയിൽ ഊന്നിനിന്നുകൊണ്ടുള്ളതാണ് അദ്ദേഹത്തിന്റെ സൗന്ദര്യദർശനം. മനുഷ്യർ, മൃഗങ്ങൾ, പ്രകൃതിദൃശ്യങ്ങൾ

തുടങ്ങിയ സ്വാഭാവിക വസ്തുക്കളെയും വസ്ത്രങ്ങൾ, കലാസൃഷ്ടികൾ തുടങ്ങിയ മനുഷ്യനിർമ്മിത വസ്തുക്കളെയും സുന്ദരമെന്നോ അസുന്ദരമെന്നോ സാധാരണ വേർതിരിക്കാറുണ്ട്. ഈ വേർതിരിവിനു പ്രത്യേകിച്ച് നിയമങ്ങളൊന്നുമില്ല. ഒരാൾക്ക് സുന്ദരമായി അനുഭവപ്പെടുന്നത് മറ്റൊരാൾക്കു വിരൂപമായി തോന്നാം. ഓരോരുത്തരും സ്വന്തം അഭിരുചിക്കു വിലകല്പിക്കുന്നു. തന്റെ അഭിരുചിക്കിണങ്ങാത്തതെല്ലാം വിരൂപം എന്നു പറയുന്നു. കലാസൃഷ്ടികളുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. പ്രായോഗികമായോ ധാർമ്മികമായോ സ്വീകാര്യമായവയോ മറ്റേതെങ്കിലും വിധത്തിൽ നമ്മെ ആകർഷിക്കുന്നതോ ആയ കലകളെയാണ് നാം പൊതുവേ സുന്ദരം എന്നുപറയുന്നത്.

ഈ താരതമ്യം നന്നായിക്കാണുന്നത് ലൈലാ മജ്നുവിന്റെ കഥയിലെ മജ്നുവിന്റെ വാക്കുകളിലാണ്. ലൈല ഒട്ടും സുന്ദരിയല്ല എന്നുപറഞ്ഞവർക്ക് മജ്നു നൽകിയ മറുപടിയിതാണ്: 'ലൈലയുടെ സൗന്ദര്യം കാണാൻ മജ്നുവിന്റെ കണ്ണുകൾ വേണം.' അതായത്, സൗന്ദര്യം ചില വസ്തുക്കളിൽ ഉണ്ടെന്നും മറ്റുചിലതിൽ ഇല്ലെന്നും പറയാൻ കഴിയുകയില്ല. സൗന്ദര്യം എല്ലായിടത്തും നിലനില്ക്കുന്നു എന്നു സാരം.

സൗന്ദര്യം എല്ലായിടത്തും നിലനില്ക്കുന്നു എന്നതിന്, സൗന്ദര്യം എവിടെയും കണ്ടെത്താം എന്നുകൂടിയാണ് അർത്ഥം. ഓരോ കലാകാരനും സൗന്ദര്യം കണ്ടെത്തുകയാണ്. കണ്ടെത്തിയ സൗന്ദര്യത്തെ ബാഹ്യചിഹ്നങ്ങളിലൂടെ ആവിഷ്കരിക്കുന്നതാണ് സൃഷ്ടി. ഈ പ്രക്രിയയിൽ ഓരോ കലാകാരനും സ്വീകരിക്കുന്ന ബാഹ്യചിഹ്നങ്ങൾ അതാതു കലകളുടെ സ്വഭാവമനുസരിച്ച് വ്യത്യസ്തമായിരിക്കും എന്നുമാത്രം. ബാഹ്യചിഹ്നങ്ങളിലൂടെ ആ അനുഭവം ആസ്വദിക്കുമ്പോൾ ഓരോ ആസ്വാദകനും ആവിഷ്കൃത സൗന്ദര്യം വീണ്ടും കണ്ടെത്തുന്നു. അതിനാൽ സൗന്ദര്യത്തിന് കലാകാരനിൽ നിന്നും കലാകാരന്റെ അനുഭവത്തിലേയ്ക്കു ചെന്നെത്തുന്ന ആസ്വാദകനിൽനിന്നും വേറിട്ട് ഒരു നിലനില്പില്ല.

ആനന്ദ കുമരസ്വാമിയുടെ അഭിപ്രായത്തിൽ സൗന്ദര്യം പരമമാണ്, അതിന് ഏറ്റക്കുറച്ചിലുകളില്ല. ആവിഷ്കരണങ്ങൾ, അതെത്ര സങ്കീർണ്ണമായാലും ലളിതമായാലും ഒരേ അവസ്ഥയെത്തന്നെയാണ് സൂചിപ്പിക്കുന്നത്. കൂടുതൽ സങ്കീർണ്ണമായതുകൊണ്ട് 'സൊണാറ്റ' ലളിതമായ 'ലിറിക്കി'നെക്കാളോ, പെയിന്റിങ് ഡ്രോയിംഗിനെക്കാളോ സുന്ദരമാകുന്നില്ല. വലിയ വൃത്തവും ചെറിയ വൃത്തവും തമ്മിൽ ഉള്ളടക്കവിസ്തൃതിയിലല്ലാതെ വൃത്തസ്വഭാവത്തിൽ വ്യത്യാസമില്ലാത്തതുപോലെ സൗന്ദര്യത്തിന് ഏറ്റക്കുറച്ചിലുകളില്ല. സൗന്ദര്യം പരമമാണ്. സൗന്ദര്യദർശനം ഭക്തന്റെ

ഉള്ളിൽ തെളിയുന്ന പ്രകാശംപോലെ സ്വാഭാവികമായി നടക്കുന്നതാണ്. മനപ്പൂർവ്വമായ ശ്രമംകൊണ്ടു നേടാനാവാത്ത ഒരു ദൈവകാരുണ്യമാണത്. നാം സൗന്ദര്യം കാണുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ ഈശ്വരനെ കാണുകയും ഈശ്വരനോടു ചേരുകയുമാണു ചെയ്യുന്നത്.

സൗന്ദര്യം വൈയക്തികമാണെന്നും ഓരോ വ്യക്തിയും ഉള്ളിലുള്ള സൗന്ദര്യബോധത്തെ വസ്തുവിൽ ആരോപിക്കുകയാണു ചെയ്യുന്നത് എന്നും അതിനാൽ വസ്തുപ്രപഞ്ചത്തെ നിർണ്ണയിക്കുന്നത് മനസ്സാണെന്നും ആശയവാദം (Idealism) പറയുന്നു. എന്നാൽ സൗന്ദര്യം വസ്തുവിലാണെന്നും മനസ്സിനെ നിർണ്ണയിക്കുന്നത് വസ്തുപ്രപഞ്ചമാണെന്നുമാണ് ഭൗതികവാദം (Materialism)പറയുന്നത്. സൂക്ഷ്മമായി വിശകലനം ചെയ്താൽ ഭൗതിക-ആശയവാദങ്ങളുടെ താരതമ്യമാണ് ആനന്ദ കുമരസ്വാമിയുടെ കലാദർശനത്തിനടിസ്ഥാനം എന്നു കാണാം. ഇത്തരമൊരു താരതമ്യത്തിലൂടെ ആശയവാദവും ഭൗതികവാദവും പരസ്പരാപേക്ഷികവും പരസ്പരപൂരകവുമാണെന്നും അവ ഒരേനാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണെന്നും ഉള്ള വസ്തുത ബോധ്യപ്പെടുത്തുന്നുണ്ട് ആനന്ദ കുമരസ്വാമിയുടെ കലാദർശനം.

1. ഭാരതീയകലക്ക് ഒരാമുഖം, ആനന്ദ കെ. കുമാരസ്വാമി, - റെയ്ൻബോ ബുക് പബ്ലിഷേഴ്സ്, 2007.
2. Ananda Coomaraswamy: remembering and remembering again and again, by S. Durai Raja Singam. Publisher: Raja Singam, 1974.
3. Ananda K. Coomaraswamy, by P. S. Sastri. Arnold-Heinemann Publishers, India, 1974.
4. Ananda Kentish Coomaraswamy: a handbook, by S. Durai Raja Singam. Publisher s.n., 1979.
5. Early Indian Architecture: Cities and City-Gates, Ananda Kentish Coomaraswamy South Asia Books, 2002.
6. The Dance of Shiva - Fourteen Indian essays, Ananda Coomaraswamy, The Sun wise Turn, INC, 2 East 31st Street, New York, 1918.
7. The Transformation of Nature in Art, Ananda Kentish Coomaraswamy, Sterling Pub Private Ltd, 1996.